122 (1031) വൈദ്യുതി ബോർഡിന്റെ പരസ്യം

ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡ് പരസ്യം ഇനത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ദിനപത്രങ്ങൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ റേഡിയോ, ടെലിവിഷൻ, മറ്റ് വക എന്നിവയ്ക്ക് എന്ത് തുക വീതം നൽകിയിട്ടുണ്ട്.

(സി) വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്യുന്നതോ, മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതോ ആയ വൈദ്യുതി ബോർഡിന്റെ എത്ര പ്രോഗ്രാമുകൾക്ക് പത്രങ്ങളുടെ സപ്ലിമെന്റുകളിൽ കഴിഞ്ഞ 1998 ഏപ്രിൽ മുതൽ ഇതുവരെ പരസ്യം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഓരോ പ്രോഗ്രാമിനും എത്ര പരസ്യം ഏതു പത്രങ്ങൾക്ക് നൽകിയെന്ന വിവരവും അതിനുള്ള ചെലവും എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡ് പരസ്യം ഇനത്തിൽ (ടെൻഡർ ഒഴികെ) 4,76,27,430 രൂപ ചെലവഴിച്ചു.

(ബി) ദിനപത്രങ്ങളിൽ 4,69,07,880 രൂപയുടേയും, മറ്റു പ്രസിദ്ധീകരണങ്ങളിൽ 7,19,550 രൂപയുടേയും പരസ്യം നൽകുകയുണ്ടായി. റേഡിയോ, ടെലിവിഷൻ എന്നിവയ്ക്ക് പ്രത്യേക തുകയൊന്നും ചെലവഴിച്ചില്ല. എന്നാൽ 8 വീഡിയോ ഡോക്യുമെന്ററികൾ നിർമ്മിക്കുന്നതിന് 3,91,370 രൂപ ചെലവായി.

(സി) 1998 ഏപ്രിൽ മുതൽ 1999 ഡിസംബർ 1-ാം തീയതിവരെയുള്ള കാലയളവിൽ 2,29,36,142 രൂപയുടെ പരസ്യം 38 പ്രോഗ്രാമുകൾക്കായി പത്രങ്ങൾക്കും സപ്ലിമെന്റുകൾക്കുമായി ചെലവഴിച്ചു. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

123 (1032) വൈദ്യുതി ബോർഡിൽ നിന്ന് സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വൈദ്യുതി ബോർഡിലെ എത്ര ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;

(ബി) അവർ ആരെല്ലാമാണെന്നും എന്തു കുറ്റങ്ങളുടെ പേരിലാണ് സസ്പെന്റ് ചെയ്തതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 390 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly